## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

10/07/2015 -ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.282

### നഗരവികസന പദ്ധതികൾ

| | ചോദ്യം<br><br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.പി.[redacted].മാധവൻ<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br><br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ | സംസ്ഥാനത്ത് നഗരവികസന പദ്ധതികൾ ഊർജ്ജിതമായി നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | എ | നഗരകാര്യ വകുപ്പ്, KSUDP എന്നിവ മുഖേന പ്രവൃത്തികളുടെ പുരോഗതി കാലാകാലങ്ങളിൽ അവലോകനം നടത്തുകയും നിർവ്വഹണം ത്വരിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. |
| ബി | ഏതെല്ലാം മേഖലയിലുള്ള പദ്ധതികളാണ് ഇങ്ങനെ കമ്മിഷൻ ചെയ്യപ്പെടുന്നത് ? വിശദമാക്കുമോ? | ബി | പഴയ നഗരപരിസരങ്ങളുടെ പുനർവികസനം, അഴുക്കുചാൽ/ഓട , ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ നഗര പുനരുദ്ധാരണ പദ്ധതികൾ, ശുദ്ധജല വിതരണം, മാലിന്യ നിർമ്മാർജ്ജനം,നഗര റോഡുകളും ഗതാഗതവും തുടങ്ങിയ മേഖലകളിലെ സമഗ്രവികസനം എന്നിവയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| സി | ഏതെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്? | സി | JNNuRM പദ്ധതിയിൽ 80/50% കേന്ദ്രവിഹിതവും UIDSSMT പദ്ധതിയിൽ 80% കേന്ദ്രവിഹിതവും രാജീവ് ആവാസ് യോജന പദ്ധതിയിൽ 100% കേന്ദ്രവിഹിതവും ലഭിക്കുന്നു. |
| ഡി | ഭരണതലത്തിൽ ഇതിനായി ഏതെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്? വിശദമാക്കുമോ? | ഡി | പ്രസ്തുത പദ്ധതി നോഡൽ ഏജൻസികളായ KSUDP, കുടുംബശ്രീ എന്നിവ മുഖാന്തിരം നടപ്പിലാക്കിവരുന്നു. നഗരകാര്യവകുപ്പ് കൃത്യമായ അവലോകനങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ